'ഭരണഭാഷ-മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് - റോഡ് പുനരുദ്ധാരണ പദ്ധതികളുടെ ഫണ്ട് അനുവദിക്കുന്നതിനായി ഫയൽ ചെയ്ത W.P.(C) No. 37839/2022 നമ്പർ കേസിലെ 28/02/2023 ലെ അന്തിമ വിധി ന്യായം 578/2024 നം കോടതിയലക്ഷ്യ ഹർജി നടപടികളിൽ നിന്നും ഒഴിവാക്കുന്നതിന് - ഫണ്ട് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ. (സാധാ) നം.8443/2024/ധന തീയതി, തിരുവനന്തപുരം, 15-11-2024

---

പരാമർശം : 1. ബഹു.ഹൈക്കോടതിയുടെ 28.02.2023-ലെ W.P.(C)No.37839/2022-നമ്പർ വിധിന്യായത്തിൻ മേലുള്ള 578/2024 നമ്പർ കോടതിയലക്ഷ്യ ഹർജി 05/08/2024 ലെ ഉത്തരവ് .

2. LSGD-DB2/26/2023-LSGD നം ഭരണ വകുപ്പ് ഫയൽ
3. 03/05/2023 ലെ സ.ഉ(സാധാ)നം. 962/2023/ത.സ്വ.ഭ.വ.
4. 21/08/2024 ലെ സ.ഉ(സാധാ)നം. 1556/2024/ത.സ്വ.ഭ.വ

**ഉത്തരവ്**

കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് 2021-22 ലെ വാർഷിക പദ്ധതിയിൽ മാളിയേക്കൽപ്പടി - പഴങ്ങനാട് റോഡ് പുനരുദ്ധാരണം, തൈക്കാവ് ചൂരക്കോട് റോഡ് പുനരുദ്ധാരണം 2nd റീച്ച് എന്നീ പദ്ധതികൾ ഏറ്റെടുത്തിരുന്നു. ടി തുക 2021 - 22 സാമ്പത്തിക വർഷത്തെ സംരക്ഷണ ഫണ്ടിൽ (റോഡ്) തുകയിൽ നിന്നും അനുവദിച്ചു ചെയ്യുവാൻ അനുവദിക്കണം എന്നാവശ്യപ്പെട്ട് കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഫയൽ ചെയ്ത WP(C)37839/2022 കേസിൽ ബഹു. ഹൈക്കോടതി 28/02/2023 ൽ അനുകൂലമായ വിധിന്യായം പുറപ്പെടുവിച്ചു. ബഹു. ഹൈക്കോടതിയുടെ മേൽ വിധിന്യായം പാലിക്കുന്നതിനായി വാർഡ് നം. 16 -ലെ മാളിയേക്കൽപ്പടി - പഴങ്ങനാട് റോഡ് പുനരുദ്ധാരണം, വാർഡ് നം.5-ലെ തൈക്കാവ് ചൂരക്കോട് റോഡ് പുനരുദ്ധാരണം 2nd റീച്ച് എന്നീ പദ്ധതികൾക്കുള്ള തുക 2021 - 22 സാമ്പത്തിക വർഷത്തെ സംരക്ഷണ ഫണ്ട് വിനിയോഗിച്ച് ചെയ്യുവാൻ അനുമതി നൽകി കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

2. 2021-22 സാമ്പത്തിക വർഷത്തെ റോഡ് സംരക്ഷണ ഫണ്ടിൽ നിന്നും ചെലവഴിക്കാനാണ് ഉത്തരവായിട്ടുള്ളതെന്നും ടി സാമ്പത്തിക വർഷം അവസാനിക്കാറായതിനാൽ അതിനനുസൃതമായി ഉത്തരവുകൾ പുറപ്പെടുവിക്കണമെന്നും വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിലും WP(C) No.37839/2022-നമ്പർ വിധിന്യായം നടപ്പിലാക്കിയില്ലെന്ന് കാണിച്ച് ടിയാന് കോടതിയലക്ഷ്യ ഹർജി 578/2024 ഫയൽ ചെയ്യുകയും കോടതിവിധി പാലിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന് അർഹമായ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിക്കാമെന്ന നിബന്ധനയോടെ അനുമതി നൽകി കൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

3. കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചിലവഴിക്കാനുള്ള അനുവാദം നൽകി ടി പ്രവൃത്തിക്കുള്ള തുക വകയിരുത്താൻ അനുമതി നൽകിയ ഉത്തരവ് ബഹു.കോടതി അംഗീകരിച്ചിട്ടില്ല എന്നും 2021-22 വർഷത്തെ ഗ്രാന്റിൽ നിന്നു തുക അനുവദിക്കാൻ കോടതി ആവശ്യപ്പെട്ടിട്ടും ആയത് സർക്കാർ പരിഗണിച്ചില്ല അതിനുപകരമായി സർക്കാർ അനുമതി നൽകിയ മെയിന്റനൻസ് ഫണ്ടുകളിൽ തുകയൊന്നും അവശേഷിക്കുന്നില്ല എന്നും ആയത് ബഹു.കോടതി കോടതിയലക്ഷ്യമായി കണക്കാക്കുമെന്ന് പരാമർശം (2) പ്രകാരം ഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, 578/2024 നമ്പർ കോടതിയലക്ഷ്യ ഹർജി നടപടികളിൽനിന്നും ഒഴിവാകുന്നതിന് വേണ്ടി കിഴക്കമ്പലം (G070503), 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട മാളിയേക്കൽപ്പടി - പഴങ്ങനാട് റോഡ് പുനരുദ്ധാരണം, തൈക്കാവ് ചൂരക്കോട് റോഡ് പുനരുദ്ധാരണം 2nd റീച്ച് എന്നീ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തെ 3604-00-200-79-(04)-NP -(റോഡ് സംരക്ഷണ ഫണ്ട്) ശീർഷകത്തിൽ നിന്നും 1,58,24,775/- (ഒരുകോടി അൻപത്തെട്ട് ലക്ഷത്തി ഇരുപത്തിനാലായിരത്തി എഴുന്നൂറ്റിഎഴുപത്തഞ്ചു രൂപ മാത്രം ) മേൽ ആവശ്യത്തിനായി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

5. മേൽ പ്രകാരം ബഹു. ഹൈക്കോടതിയുടെ പരാമർശം (1) W.P.(C) No.37839/2022 ൻമേലുള്ള വിധിന്യായവും, പരാമർശം (1) പ്രകാരമുള്ള Con.Case(C) No.578/2024 -ൻ മേലുള്ള ഉത്തരവും പാലിച്ചുകൊണ്ട് ഉത്തരവാകുന്നു.

6. ഈ ഉത്തരവായതു പ്രകാരം അനുവദിക്കുന്ന തുക വിതരണം ചെയ്യുന്നതിനുള്ള തുടർ നടപടികൾ കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**

**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കിഴക്കമ്പലം ഗ്രാമ പഞ്ചായത്ത്, എറണാകുളം

അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ് - (ഇ- 2319992)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 2567524)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ